# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/BP/738/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3)കാര്യാലയ പകർപ്പ്

നമ്പർ: KSA/ALP/BP/738/2022. തീയ്യതി: 12/07/2022

## ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ . ജി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 21-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-05-2022 | 21-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.മനേഷ്കുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിജു കൊല്ലശ്ശേരി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | സെക്രട്ടറി | 12-11-2020 | 29-11-2020 |
| രുഗ്മിണി രാജു | പ്രസിഡന്റ് | 30-11-2020 | 31-03-2021 |
| എസ്സ്.ദീപ്പ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എലിസബത്ത് ഡാനിയേൽ | അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ അഗ്രിക്കൾച്ചർ | 01-04-2020 | 16-06-2020 |
| വൃന്ദാ.റ്റി.എസ് | അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ എഫ് അഗ്രികൾച്ചർ | 17-06-2020 | 01-07-2020 |
| ലേഖ മോഹൻ | ഡെപ്യൂട്ടി ഡയറക്ടർ എഫ് അഗ്രികൾച്ചർ | 02-07-2020 | 31-03-2021 |
| ഡോ.സുനിൽ.ആർ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ജയശ്രീ.ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| സനിത.എൽ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| റേച്ചൽ ഡേവിഡ് | ശിശു വികസന ഓഫീസർ | 01-04-2020 | 01-06-2020 |
| ഷീജ | ശിശു വികസന ഓഫീസർ | 02-06-2020 | 31-03-2021 |
| ഷെബിൻ. എംബി. | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 26-08-2020 |
| സരിത.പിജെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 27-08-2020 | 15-11-2020 |
| അശ്വതി.വി.ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-01-2021 |
| വി.എൻ.പ്രിയ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-01-2021 | 31-03-2021 |
| ഗീതാഞ്ജലി.എസ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 16-11-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (ആർ& പി)<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-6 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.Sabu (Audit Officer (HG), On 06-07-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ്- പരിശോധന സാക്ഷ്യപത്രം<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 19-05-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-9 |
| 11 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല. ചെലവ് നഷ്ടം 7,728 രൂപ<br>Written By: Maneshkumar G (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-10 |
| 12 | വിയപുരം, കരുവാറ്റ കുഴൽ കിണർ നിർമ്മാണ കുടിവെള്ള പദ്ധതി - നാളിതുവരെ പൂർത്തീകരണമായില്ല -33,63,201/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-11 |
| 13 | ബ്ലോക്ക് ഓഫീസ് ഫർണിഷിംങ്ങ് - നടപടിക്രമങ്ങളിലെ അപര്യാപ്തത- 7,49,782-തുക തടസ്സപ്പെടുത്തുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 22-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-12 |
| 14 | സബ്സിഡി തുകയിലെ വ്യതിയാനം, രേഖകളുടെ അഭാവം -നടത്തിപ്പിൽ സുതാര്യത ബോധ്യപ്പെടുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-13 |
| 15 | മുൻകൂർ അനുമതി തേടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ | 1-14 |

| | | |
|---|---|---|
| | പെടാത്ത പ്രവൃത്തി നടത്തി<br>Written By: Maneshkumar G (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 05-07-2022) | |
| 16 | പട്ടികജാതി വികസന ഓഫീസറുടെ ഓഫീസ് നവീകരണം-രേഖകൾ ലഭ്യമാക്കിയില്ല- 1,49,447 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-15 |
| 17 | വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, എന്നിവ ഹാജരാക്കിയിട്ടില്ല -5,48,442 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-16 |
| 18 | പ്രൊക്യൂയർമന്റ് കമ്മറ്റി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-17 |
| 19 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തിരികെ ഒടുക്കുന്നത് സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-18 |
| 20 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകുന്നത് മൂലം അധിക ചെലവ്-<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-19 |
| 21 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല- നഷ്ടം-78,441/-രൂപ<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-20 |
| 22 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല-നഷ്ടം-11,854/-രൂപ<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-21 |
| 23 | ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-7,375/- രൂപ<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-22 |
| 24 | ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയതിന് രേഖകളില്ല-അധികം നൽകിയത്-1,425/- രൂപ<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-23 |
| 25 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Maneshkumar G (Senior Grade Auditor, On 22-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-25 |
| 26 | വാട്ടർ പ്യൂരിഫയർ - വാട്ടർ കണക്ഷൻ നാളിതുവരെ നൽകിയിട്ടില്ല -32,353 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 22-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-26 |
| 27 | പരസ്യ ചാർജ്ജ് ഇനത്തിൽ ഡിസ്കൗണ്ട് ലഭിച്ചില്ല- 2,484 രൂപയുടെ നഷ്ടം<br>Written By: Maneshkumar G (Senior Grade Auditor, On 02-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-27 |
| 28 | WMM-അനുവദനീയമായ കനത്തിലും കൂടുതലായി നിർവ്വഹിച്ചു-<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-28 |
| 29 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ -<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-29 |

| | | |
|---|---|---|
| 30 | ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 21-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 1-30 |
| 31 | ലൈഫ് അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 24-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-31 |
| 32 | കോവിഡ് അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 24-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 1-32 |
| ഭാഗം **2** | | |
| 1 | വരവ് നിരീക്ഷണങ്ങൾ<br>Written By: P.Sabu (Audit Officer (HG), On 23-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 23-05-2022) | 2-1 |
| ഭാഗം **3** | | |
| 1 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല- നഷ്ടം-78,441/-രൂപ<br>Written By: P.Sabu (Audit Officer (HG), On 22-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 3-1 |
| 2 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല-നഷ്ടം-11,854/-രൂപ<br>Written By: P.Sabu (Audit Officer (HG), On 22-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 3-2 |
| 3 | ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-7,375/- രൂപ-<br>Written By: P.Sabu (Audit Officer (HG), On 22-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 3-3 |
| 4 | ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയതിന് രേഖകളില്ല-അധികം നൽകിയത്-1,425/- രൂപ<br>Written By: P.Sabu (Audit Officer (HG), On 22-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 3-4 |
| 5 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല. ചെലവ് നഷ്ടം 7,728 രൂപ<br>Written By: P.Sabu (Audit Officer (HG), On 23-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 3-5 |
| 6 | പരസ്യ ചാർജ്ജ് ഇനത്തിൽ ഡിസ്കൌണ്ട് ലഭിച്ചില്ല-2,484 നഷ്ടം<br>Written By: Maneshkumar G (Senior Grade Auditor, On 02-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 06-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Maneshkumar G (Senior Grade Auditor, On 18-05-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 3.01.2020 ലെ നമ്പർ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെയും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെയും സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ആയത് പരിശോധിച്ചാൽ, ബഡ്ജറ്റ് പ്രകാരമുള്ള വരവുചെലവുകൾ യഥാർത്ഥ വരവുചെലവ് കണക്കുകളുമായി യാതൊരു തരത്തിലും പൊരുത്തപ്പെടാത്തതാണെന്ന് കാണാം. മുൻവർഷത്തെ വരവുചെലവുകളെ അടിസ്ഥാനമാക്കിയല്ല ബഡ്ജറ്റ് തയ്യാറാക്കുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ബഡ്ജറ്റ് യഥാർത്ഥ വരവു ചെലവുകളെ ഏറെക്കുറെയെങ്കിലും സാധൂകരിക്കുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 61,60,24,396 | 61,41,24,396 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 12,12,52,810 | 4,52,63,509 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക 03.08.21ൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) 2020-21 ലെ വാർഷിക ധനകാര്യ പത്രികയിൽ Sale Of Empties And Waste Materials (150120105) ഇനത്തിൽ 1,03,107 രൂപ ലഭിച്ചിട്ടുണ്ടെന്നാണ്. എന്നാൽ ലെഡ്ജർ പരിശോധിച്ചപ്പോൾ 32,690 രൂപയുടെ വരവ് മാത്രമേ ഉള്ളൂ. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

2) R.P. 40 (B) ബാങ്ക് ഷെഡ്യൂളിലെ താഴെക്കൊടുത്ത അക്കൌണ്ടിന്റെ ക്ലോസിംങ്ങ് ബാലൻസിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ/ പാസ്സ്ബുക്കുകൾ ഹാജരാക്കിയില്ല.

| ഹെഡ് കോഡ് | അക്കൌണ്ട് നമ്പർ | തുക |
|---|---|---|
| 450250110 | TSB A/C NO.799013000000158 | 8,32,772 |

രേഖകൾ ഹാജരാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

3) R.P.9 (17800199) പലിശ ഇനത്തിൽ ലഭിച്ചത് 78,320 രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4) B-11 പ്രകാരം മുൻ വർഷം ആർജ്ജിച്ച ആസ്തി മൂല്യം -1,41,53,523 രൂപയുടെയാണ്. തൻവർഷം ആർജ്ജിച്ച ആർജ്ജിച്ച ആസ്തി മൂല്യം (R.P. 38) 45,23365. മുൻവർഷത്തെ ആസ്തിമൂല്യത്തോട് തൻവർഷത്തെക്കൂടി ഉൾപ്പെടുമ്പോൾ ആകെ 1,86,76,888 രൂപ ആയിരിക്കണം. എന്നാൽ 2020-21 ലെ B-11 ഷെഡ്യൂൾ പ്രകാരം 2,02,40,976 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 15,64,088 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. പരിശോധിക്കുക.

5) ബാലൻസ് ഷീറ്റിലെ B-5 പ്രകാരം ലോൺ തിരിച്ചടവ് കാണിച്ചിട്ടുള്ളത് 6,22,004 രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം അടവാക്കാൻ അവശേഷിക്കുന്ന തുക 3,46,583 രൂപയാണ്. വാർഷിക ധനകാര്യ പത്രികയിൽ തുക ക്രമീകരിക്കേണ്ടതാണ്.

6) RP 47 അഡ്വാൻസ്, ലോൺസ്, ഡെപ്പോസിറ്റ് (460500501) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് 43,700 രൂപ അവശേഷിക്കുന്നു. റജിസ്റ്റർ കാലികമായി എഴുതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൃത്യത ബോധ്യപ്പെടാനായില്ല.

7) MGNREGS കണക്കുകൾ അക്കൌണ്ടിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

8) ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ 1-17(a) പ്രകാരം ഡിപ്രിസിയേഷൻ തുക 8,85,745 രൂപ രേഖപ്പെടുത്തിയട്ടുണ്ട്. എന്നാൽ അസറ്റ് റജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തികളുടെ കൃത്യത മനസ്സിലാക്കാൻ കഴിഞ്ഞില്ല.

9) ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നും തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട

താഴെ ചേർക്കുന്നവ 2019-20 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ) റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ,മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി) റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി) റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

11) ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ Contributions For Other Specific Purposes (For Revenue Expenditure ) From State Sponsore എന്ന ഹെഡിൽ 5043/- രൂപ ബാധ്യതയായി ഇപ്പോഴും അവശേഷിക്കുന്നു.

12) സപ്ലയേഴ്സ് ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് ഇ.എം.ഡി, അദർ ഡിപ്പോസിറ്റ് എന്നീയിനങ്ങളിൽ മൂന്നു വർഷത്തിലേറെയായി അവകാശമുന്നയിക്കാത്ത തുകകൾ അവശേഷിക്കുന്നു. ഇങ്ങനെയുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

13) അഡ്വാൻസ് പരിശോധിക്കാനാവശ്യമായ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകളുടെ വിവരം ഇനം തിരിച്ച് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. B-7ൽ ഉൾപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ ഏതൊക്കെ വർഷങ്ങളിലേതാണെന്ന് ഇനം തിരിച്ച് തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

14) ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നത് എന്തുകൊണ്ടെന്ന് വിശദീകരികരിച്ചിട്ടില്ല.

| ഇനം | തുക |
|---|---|
| Contributions For Joint Venture Projects (For Revenue Expenditure) - From Village Panchayats | 1,27,28,485 |
| Contributions For Other Specific Purposes (For Revenue Expenditure)- From Village Panchayats | 12,05,038 |
| Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 18,20,000 |
| Total Sanitation Campaign | 12,01,637 |
| Centrally Sponsered Schemes | 24,367 |
| Suchithwa Mission | 4,83,121 |
| Grants Funds & Contributions For Specific Purpose Other Financial Institution | 25,60,464 |

15) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 62,025 /-രൂപ നിലനിൽക്കുന്നു. തുക ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടി സമാഹരിച്ചതാണ്, എത്ര വീതം തുകയുണ്ട് എന്നീ വിവരങ്ങൾ അറിയിക്കേണ്ടതാണ്. പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകേണ്ടതാണ്.

16) R.P. 40(b) Treasury Joint Venture എന്ന അക്കൌണ്ടിൽ 55,40,745/-രൂപ തന്നെയാണ് വർഷങ്ങളായി നീക്കിയിരിപ്പ് കാണുന്നത്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

17) ഷെഡ്യൂൾ ബി-11(a)

തൻവർഷത്തെ പാർട്ട് ബില്ലുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഈയിനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

പരാമർശങ്ങളും ന്യൂനതകളും പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (ആർ& പി)

| | |
|---|---|
| മുന്നിരിപ്പ് | 7,59,89,300.00 |
| വരവ് | 6,77,17,836.00 |
| ആകെ | 14,37,07,136.00 |
| ചെലവ് | 7,43,99,582.00 |
| നീക്കിയിരുപ്പ് | 6,93,07,554.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 3,16,49,101 | 3,16,49,101 | 0 |
| വികസനഫണ്ട് - എസ്.സി.പി. | 97,48,035 | 97,48,035 | 0 |
| വികസനഫണ്ട് - ടി.എസ്.പി. | 2,75,000 | 2,75,000 | 0 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് - നോൺ- റോഡ് | 55,89,885 | 55,89,885 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റൈഡ്) | 60,20,000 | 60,20,000 | 0 |
| അൺറൈഡ് | 40,45,760 | 40,45,760 | 0 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 117 | 6,39,69,061 | 95 | 5,16,24,286 | 24 | 22 | 80.70 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9,15,964 | 23,46,183 | 32,62,147 | 29,41,549 | 3,20,598 |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.07.21 | 2020-21 | 08.11.2021 |
| അക്കൌണ്ട് ജനറലിന്റെ ഓഡിറ്റ് | 23.01.2018 | 2016-17 | 20.02.2018 |

## 1-8 ക്യാഷ് ബാലൻസ്- പരിശോധന സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.05.2022 തീയതിയിൽ 12.30 P.M സമയത്ത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇൻകംബൻസി മാസ്റ്റർ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

2) പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള പേയ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ബിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു ബിൽ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

3) ഇ.എം.ഡി, സെക്യൂരിറ്റി ഡപ്പോസിറ്റുകൾ തുടങ്ങിയവയുടെ വരവും ചെലവും രജിസ്റ്ററിൽ ഇനം തിരിച്ച് രേഖപ്പെടുത്തുന്നില്ല. ഇവയുടെ വർഷം തിരിച്ചുള്ള നീക്കിയിരുപ്പ് വിവരവും രേഖപ്പെടുത്തുന്നില്ല.

4) ബ്ലോക്ക് പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഓഡിറ്റ് വർഷം വിവിധ പദ്ധതികൾ പ്രകാരം ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, പ്രൊജക്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഫർണിച്ചറുകൾ, RO പ്ലാന്റുകൾ മുതലായവ വാങ്ങിയിട്ടുണ്ടെങ്കിലും ഇവയൊന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ ഒരു രജിസ്റ്ററിൽ ചില ഉപകരണങ്ങളുടെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ ഗ്യാരണ്ടി കാലാവധി, ബില്ലിന്റെ വിവരങ്ങൾ തുടങ്ങിയവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികമാക്കിയിട്ടില്ല. കംപ്യൂട്ടർ, ഫർണിച്ചർ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) ഓഡിറ്റ് വർഷം നിരവധി വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുകയോ, വാങ്ങിയവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുകയോ ചെയ്യുന്നില്ല.

6) പല പദ്ധതികളുടെയും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ അംഗങ്ങളുടെ പേര് പോലും രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

7) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഉടമസ്ഥതയിലുള്ള ആസ്തികൾ അന്യാധീനപ്പെട്ടു പോകുവാൻ കാരണമായേക്കാം.

മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല. ചെലവ് നഷ്ടം 7,728 രൂപ

2020-21 സാമ്പത്തിക വർഷം ഹരിപ്പാട് ബ്ലോക്ക് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾക്ക് പത്രപ്പരസ്യം നടത്തുകയുണ്ടായി. നിർദ്ദിഷ്ട മാതൃകയിൽ പത്രപ്പരസ്യം ചെയ്യാഞ്ഞതിനാൽ ചെലവ് ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരസ്യ തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST& CGST @2.5 | ചെക്ക് നമ്പർ, തീയതി | അധികമായി ചെലവഴിച്ച തുക (Gst ഉൾപ്പടെ) |
|---|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | | |
| 14.03.20 | മാതൃഭൂമി | ബ്ലോക്ക് പ്ലാൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നൽകിയ പത്രപ്പരസ്യം | 8 | 5 | 230 | 9660 (Sgst-230 Cgst-230) | 0402793/ 05.08.20 | 3864 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12.02.21 | മാതൃഭൂമി | MLA SDF പ്രവൃത്തികൾക്കായി നടത്തിയ പത്രപ്പരസ്യം | 4 | 8 | 230 | 7728 (Sgst-184 Cgst-184) | 0109451/ 26.02.21 | 1932 |
| 22.01.21 | മാതൃഭൂമി | ബ്ലോക്ക് പ്ലാൻ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 8 | 4 | 230 | 7728 (Sgst-184 Cgst-184) | 0109439/ 23.01.21 | 1932 |
| | | ആകെ | | | | 25116 | | 7728 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകൾ കാരണം 7,728 രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20.05.2022 ൽ ഓഡിറ്റ് എൻക്വയറി നമ്പർ-23 നൽകിയെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച 7,728 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-11 വിയപുരം, കരുവാറ്റ കുഴൽ കിണർ നിർമ്മാണ കുടിവെള്ള പദ്ധതി - നാളിതുവരെ പൂർത്തീകരണമായില്ല -33,63,201/- രൂപ തടസ്സപ്പെടുത്തുന്നു

2020-21 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്ന വീയപുരം, കരുവാറ്റ കുഴൽ കിണർ നിർമ്മാണ കുടിവെള്ള പദ്ധതി. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 150/2021, വിയപുരം കുടിവെള്ള നിർമ്മാണ പദ്ധതി |
| | 151/2021, കരുവാറ്റ കുഴൽ കിണർ നിർമ്മാണ പദ്ധതി |
| തുക, ഫണ്ടിനം | 1650000, സെൻട്രൽ ഫിനാൻസ് കമ്മററി |
| | 1713201, സെൻട്രൽ ഫിനാൻസ് കമ്മീഷൻ/ 36799/വികസനഫണ്ട് ജനറൽ |
| ചെലവ് | ബിൽ നമ്പർ 47/20-21 /1650000 തീ.06.03.21 |
| | ബിൽ നമ്പർ -46/20-21 / 1713201 തീ.06.03.21 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കരുവാറ്റ, വിയപുരം എന്നീ ഗ്രാമപഞ്ചായത്തുകളിലെ യഥാക്രമം 13-ാം വാർഡ്(അഞ്ചുതെങ്ങ് പ്രദേശം) 7-ാം വാർഡ് (ലക്ഷം വീട് കോളനി) എന്നിടങ്ങളിൽ കുടിവെള്ള വിതരണത്തിനായി കുഴൽ കിണർ നിർമ്മിക്കുന്നതിന് ഫീസിബിലിറ്റി സർവ്വേ നടത്തുകയുണ്ടായി.രണ്ട് കുഴൽ കിണറുകളുടെ ഫീസിബിലിറ്റി സർവ്വേക്കായി 1,935 രൂപ നിരക്കിൽ 3,870 രൂപ ആലപ്പുഴ ഭൂഗർഭ ജല വിഭാഗത്തിന് ഡിമാന്റ് ഡ്രാഫ്റ്റ് (827050/3001.2021) കൈമാറുകയുണ്ടായി. ഡെപ്പോസിറ്റ് പ്രവർത്തി ഇനത്തിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിക്കായി മേൽ സൂചിപ്പിച്ച പ്രകാരം തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണത്തിന്റെ തടസ്സമായി നിൽക്കുന്ന കാരണം, നിലവിലെ നിരക്ക് പദ്ധതി പ്രവർത്തനങ്ങൾ ചെയ്യാൻ അപര്യാപ്തമെങ്കിൽ ഡി.എസ്.ആർ. നിരക്ക് പ്രകാരം റിവൈസ് ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭൂജല വകുപ്പിനെ അറിയിച്ചതിൻപ്രകാരം വകുപ്പ് അതിൻമേൽ സ്വീകരിച്ച നടപടികൾ, രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങളിൽ ഉഴലുന്ന ജനങ്ങൾക്ക് ആശ്വാസമാവേണ്ട പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് അധികൃതർ സ്വീകരിച്ച നടപടിയുടെ

വിശദാംശങ്ങൾ തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 16.05.2022 തീയതിയിൽ നമ്പർ- 17 /2020-21 ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

നിലവിലെ എസ്റ്റിമേറ്റ് നിരക്ക് പദ്ധതി പ്രവർത്തനത്തിന് അപര്യാപ്തമായതിനാൽ കോൺട്രാക്ടർമാർ പ്രവൃത്തി ഏറ്റെടുക്കുന്നില്ല എന്നതാണ് പദ്ധതി നടപ്പിലാകാത്തതിന്റെ പ്രധാന കാരണം. ആയതിൻ പ്രകാരം എസ്റ്റിമേറ്റ് നിരക്ക് ഡി.എസ്.ആർ. നിരക്ക് പ്രകാരം തയ്യാറാക്കുന്നതിന് 07.02.22 തീയതിയിൽ ബ്ലോക്ക് പ്രസിഡന്റ് ഭൂജല വകുപ്പിനെ രേഖാമൂലം അറിയിച്ചിരുന്നവെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതു വരെ ഈ പദ്ധതികൾക്കായി ചെലവഴിച്ച 33,63,201/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ശുദ്ധജലക്ഷാമം രൂക്ഷമായി നിലനിൽക്കുന്ന മേൽ ഇടങ്ങളിൽ ആയതിനാവശ്യമായ പരിഹാരനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ അനിവാര്യമാണ്.

## 1-12 ബ്ലോക്ക് ഓഫീസ് ഫർണിഷിംങ്ങ് - നടപടിക്രമങ്ങളിലെ അപര്യാപ്തത-7,49,782-തുക തടസ്സപ്പെടുത്തുന്നു

2020-21 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്ന ബ്ലോക്ക് ഓഫീസ് ഫർണിഷിംങ്ങ്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | 98/20, ബ്ലോക്ക് ഓഫീസ് ഫർണിഷിംങ്ങ് |
|---|---|
| തുക, ഫണ്ടിനം | വികസനഫണ്ട്-244808 |
| | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)-504974 |
| ചെലവ് | ബിൽ നമ്പർ -2/20-21-93456/21.04.20 |
| | ബിൽ നമ്പർ-3/20-21-181262/21.04.20 |
| | ബിൽ നമ്പർ-4/20-21-244808/21.04.20 |
| | ബിൽ നമ്പർ-5/20-21-230256/21.04.20 |
| ആകെ | 749782 |

ബ്ലോക്ക് ഓഫീസ് ഫർണിഷിങ്ങിനായി 7,49,782 രൂപ ചെലവഴിച്ചു. ഓഫീസ് ഫർണിഷിങ്ങിന് ക്വട്ടേഷൻ/ ടെൻഡർ നടപടികൾ സ്വീകരിക്കാതെ സിഡ്കോയിൽ നിന്ന് നേരിട്ടുവാങ്ങുകയായിരുന്നു. വാങ്ങിയ സാധനങ്ങളിൽ താഴെപ്പറയുന്ന ഉൽപന്നങ്ങൾ സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഉല്പന്നങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉല്പന്നത്തിന്റെ പേര് | വില |
|---|---|---|
| 1 | Teakwood Podium | 15,508 |
| 2 | Teak Wood Dius Table Top Arc – Three Sides Pannelling 305X90X75 | 44,347 |
| 3 | Teakwood Wall Pannelling 490X285,412X285 Cm 2 Nos<br>(1 Unit) | 1,50,099 |
| 4 | MetalBoard With Emblum | 21000 |

പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനസാമഗ്രികൾക്ക് വില നിർണ്ണയിച്ചത് എപ്രകാരമാണെന്ന് 16.05.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 18/2020-21 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഫർണിഷിംങ്ങ് ചെയ്യുന്നതിനാവശ്യമായ റിക്വയർമെന്റ് തയ്യാറാക്കാതെ സിഡ്കോയെ പദ്ധതി ഏല്പിക്കുകയും ഫർണിഷിംങ്ങ് പ്രവർത്തിക്ക് ശേഷം എൽ.എസ്.ജി.ഡി. എൻജീനിയർ പരിശോധന നടത്തിയശേഷം മൂല്യ നിർണ്ണയം നടത്തി അംഗീകാരം നൽകുകയാണുണ്ടായത്. ഷെഡ്യൂൾഡ് പ്രൈസ് ലിസ്റ്റ് ഇല്ലാത്ത ഉല്പന്നങ്ങൾക്ക് ഒബ്സേർവിഡ്

ഡാറ്റാ തയ്യാറാക്കാതെയാണ് മൂല്യനിർണ്ണയം നടത്തിയത്. പദ്ധതി ആവിഷ്കരണത്തിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ ഇത്തരം വാങ്ങലുകൾ മൂലം അധിക ചെലവുണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇത്തരം വാങ്ങലുകൾ ന്യായമായ രീതിയിലാണ് നിർവ്വഹിക്കപ്പെടുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാങ്ങലുകളിലുണ്ടായ വീഴ്ചകൾക്ക് പരിഹാരനടപടികൾ സ്വീകരിക്കുന്നത് വരെ വാങ്ങിയ ഇനത്തിൽ ചെലവഴിച്ച് തുകയായ 7,49,782 രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 സബ്സിഡി തുകയിലെ വ്യതിയാനം, രേഖകളുടെ അഭാവം -നടത്തിപ്പിൽ സുതാര്യത ബോധ്യപ്പെടുന്നില്ല

അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതിയായിരുന്ന നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 05/2021<br>(നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി) |
| അടങ്കൽ | 29,26,789(വികസനഫണ്ട്) |
| | 17,42,760(സി.എഫ്.സി) |
| ആകെ അടങ്കൽ | 46,69,549 |
| ചെലവ് | 21,02,318(വികസനഫണ്ട്) |
| | 17,33,623(സി.എഫ്.സി) |
| ആകെ ചെലവ് | 38,35,941 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കുന്നതിന് 16.05.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ- 13 /2020-21 നമ്പരായി നൽകിയിരുന്നു.എന്നാൽ അവ ഹാജരാക്കുകയുണ്ടായില്ല. ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്നറിയിക്കുകയാണുണ്ടായത്. ഫയലുകളുടെ പരിശോധയിൽ ഇനി പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല.

1) സബ്സിഡി ഇനത്തിൽ തുകകൾ കൈപ്പറ്റിയ കർഷകർ തങ്ങളുടെ ചെയ്ത വിളകൾക്ക് മുൻകൂറായി വിള ഇൻഷുറൻസ് എടുക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇൻഷുറൻസ് രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല.

2) മറ്റേതെങ്കിലും സ്കീമുകളിൽ നിന്ന് നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ ആനുകൂല്യങ്ങൾ ലഭിച്ചവർ ഈ സബ്സിഡിക്ക് അർഹരല്ല. ആയത് ഉറപ്പാക്കിയിരുന്നോ എന്നതിനെ സംബന്ധിക്കുന്ന സാക്ഷ്യപത്രങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെല്ലാം ഇത്തരം പ്രോജക്ട് ഏറ്റെടുക്കാമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള മറ്റേതെങ്കിലും ഗ്രാമപഞ്ചായത്ത് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോ എന്ന് തീർച്ചപ്പെടുത്തിയിരുന്നോ എന്നതിനെ സംബന്ധിച്ചും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

4) കൂലിച്ചെലവ് സബ്സിഡി പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5)പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിച്ച സബിസിഡി തുകയിലും വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഹെക്ടറിന് 1412 രൂപ നിരക്കിലും ഹെക്ടറിന് 1867 രൂപ നിരക്കിലും എന്ന രണ്ട് വ്യത്യസ്ത അനുപാതത്തിൽ നിരക്ക് അനുവദിച്ച് നല്കുകയുണ്ടായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ആയത് സംബന്ധിച്ച അന്വേഷണത്തിനും നിർവ്വഹണ ഉദ്യോഗസ്ഥ കൃത്യമായ മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി നടത്തിപ്പിൽ സൂക്ഷിക്കേണ്ട രേഖകളുടെ അഭാവം, സബ്സിഡി നൽകിയതിലെ ഏകോപനമില്ലായ്മ എന്നിവയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 മുൻകൂർ അനുമതി തേടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തി നടത്തി

2020-21 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്ന നടുവെട്ടം എൽ.പി.എസ്സിന് ഫർണിച്ചർ വാങ്ങൽ. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തുക, ഫണ്ടിനം | 200000. സെൻട്രൽ ഫിനാൻസ് കമ്മററി |
| ചെലവ് | 197296 ബിൽനമ്പർ-40/20-21 തീ.13.01.21 |

22.02.2020 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 1(2)നമ്പർ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കിയത്. വാങ്ങിയ സാധനസാമഗ്രികളുടെ വിശദാംശം ചുവടെപ്പറയുംപ്രകാരമാണ്.

| ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| എൽ.പി. ഡെസ്ക് വിത്ത് ഷെൽഫ്(1200X380X670) | 19 | 4000 | 76000 |
| എൽ.പി.ചാരുബഞ്ച്(1200X350X670) | 19 | 4000 | 76000 |
| ലോഡിംഗ് ചാർജ്ജ്, അൺലോഡിംഗ് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | | | 15200 |
| ജി.എസ്.ജി-18% | | | 30096 |
| ആകെ | | | 197296 |

മത്സരാധിഷ്ഠിത ക്വട്ടേഷൻ/ടെൻഡർ നടപടിയിലൂടെ മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ 07.08.2020 ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് തെരെഞ്ഞെടുത്ത് സപ്ലൈ ഓർഡർ നൽകി.(നം. സി.1386/2018 തീ.17.10.2020)

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(1)പട്ടിക മൂന്നിൽ പ്രൈമറി സ്കൂളുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പടെയുള്ള നവീകരണങ്ങൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്തിനെ നിയമം മൂലം ചുമതലപ്പെടുത്തിയിരിക്കുന്നു. സെക്ഷൻ 173 പട്ടിക 5 പ്രകാരം ഹൈസ്കൂളുകളും, ഹൈസ്കൂളിനോടൊപ്പമുള്ള ലോവർപ്രൈമറിയും, അപ്പർ പ്രൈമറിയും പരിപാലിക്കേണ്ട ചുമതലയും ബാധ്യതയും ജില്ലാ പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. മുൻകൂർ അനുമതി തേടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെടാത്ത മേൽ പ്രവൃത്തി നടത്തിയത് ചട്ടലംഘനമാണ്. വിശദീകരണം ആവശ്യപ്പെട്ട് 16.05.2022 ൽ നമ്പർ- 16/2020-21 പ്രകാരം എൻക്വയറി നൽകിയെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല. ചുമതലാവിഭജനത്തിൽപ്പെടാത്ത ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോളും നടപ്പിലാക്കുമ്പോളും അധികൃതർ കൂടുതൽ ശ്രദ്ധിക്കേണ്ടതും അനുമതി തേടാത്തപക്ഷം ഒഴിവാക്കേണ്ടതുമാണ്.

## 1-15 പട്ടികജാതി വികസന ഓഫീസറുടെ ഓഫീസ് നവീകരണം-രേഖകൾ ലഭ്യമാക്കിയില്ല- 1,49,447 രൂപ തടസ്സപ്പെടുത്തുന്നു

2020-21 സാമ്പത്തികവർഷം എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്ന ഓഫീസ് നവീകരണം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 54. എസ്.സി.ഡി.ഒ. ഓഫീസ് ഫർണിഷിങ്ങ് |
| തുക, ഫണ്ടിനം | 1,50000. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ബിൽ നമ്പർ -35/20-21-149447/27.02.2021 |

കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മീനച്ചിൽ റബ്ബർവുഡ് എന്ന സ്ഥാപനത്തിൽ നിന്ന് ഓഫീസ് നവീകരണത്തിനാവശ്യമായ ഫർണിച്ചർ വാങ്ങി സ്ഥാപിച്ച് പ്രവർത്തി പൂർത്തിയാക്കി.വാങ്ങിയ സാധനസാമഗ്രികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl.No | Item | Numbers | Rate | Total |
|---|---|---|---|---|
| 1 | L Shape Tab | 02 | 2000 | 4000 |

| | | | | |
|---|---|---|---|---|
| | L(1500 L, 1050W, 760H | | | |
| 2 | 3 Seater Table<br>1800 L, 600W, 750H | 01 | 21000 | 21000 |
| 3 | Office Chair With Arm Upholstery | 02 | 3500 | 7000 |
| 4 | Table Top Glass Partitions | 1.65sqm | 5961.25 | 9538 |
| 5 | Cupboard With Shelf | 2.16sqm | 17407 | 37599 |
| | Total | | | 115137 |
| | Transportation Charge | | | 11514 |
| | GST | | | 22797 |
| | Grand Total | | | 1,49,447 |

വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് 17.05.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ- 21 /2020-21 നൽകിയിരുന്നു.

1) ഓഫീസ് നവീകരണത്തിനായി തയ്യാറാക്കിയ ആവശ്യകതാ രേഖകൾ.

2) വാങ്ങലിനായി ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റി എടുത്ത തീരുമാന നമ്പർ.

3) പ്രൊക്യൂയർമെന്റ് കമ്മറ്റി മിനട്സ്.

4) അസിസ്റ്റന്റ് എൻജിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കിയ വാല്യുവേഷൻ.

എന്നാൽ രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കുകയുണ്ടായി. രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കുക. പരാമർശം തീർപ്പാക്കുന്നതുവരെ ചെലവഴിച്ച 1,49,447 രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, എന്നിവ ഹാജരാക്കിയിട്ടില്ല -5,48,442 രൂപ തടസ്സപ്പെടുത്തുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത്, എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതിനായി 16.05.2022 തീയതിയിൽ നൽകിയ നമ്പർ-14 /2020-21 എൻക്വയറിക്ക് രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം - തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ |
| തുക, ഫണ്ടിനം | 5,00,000(വികസനഫണ്ട്, ജനറൽ) |
| ബിൽ നമ്പർ/ തീയതി | 21/20-21 500000<br>തീയതി. 30.09.2020 |

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.07.2019 ലെ സി. -4-77/2019 നമ്പർ റിക്വസ്റ്റ് പ്രകാരം നൽകിയത്.

2)

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | IKM വിഹിതം നൽകൽ |
| തുക, ഫണ്ടിനം | 48,442( വികനഫണ്ട്, ജനറൽ) |

| ബിൽ നമ്പർ/ തീയതി | 14/20-21 -48442 തീയതി.13.02.21 |
|---|---|

മുകളിൽ സൂചിപ്പിച്ച പദ്ധതികൾക്കായി നൽകിയ വിഹിതത്തിന്റെ കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതുവരെ 2 പദ്ധതികൾക്കായി ആകെ ചെലവഴിച്ച തുകയായ 5,48,442 രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 പ്രൊക്യൂയർമെന്റ് കമ്മറ്റി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.11.2010ലെ ജി.ഒ.(പി)നം.259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങികരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

2019-20, 2020-21 സാമ്പത്തിക വർഷത്തെ പ്രൊക്യൂയർമെന്റ് കമ്മറ്റി മിനുട്സ് പരിശോധനയ്ക്കായി :17.05.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ- 20 /2020-21 പ്രകാരം ആവശ്യപ്പെട്ടെങ്കിലും അധികൃതർ റജിസ്റ്റർ ഹാജരാക്കിയില്ല.

2019-20, 2020-21 സാമ്പത്തികവർഷങ്ങളിൽ സെക്രട്ടറി, എ.ഡി.എ., സി.ഡി.പി.ഒ., എസ്.സി.ഡി.ഒ., മെഡിക്കൽ ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ബ്ലോക്ക് പഞ്ചായത്ത് ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ട്. ഇവയിൽ ചില വാങ്ങലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | നടുവട്ടം ഗവ.എൽ.പി.എസ്സിന് ഫർണിച്ചർ | 1,99,164 | സെക്രട്ടറി |
| 2 | തൃക്കുന്നപ്പുഴ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, ടി.വി, ഏ.സി. എന്നിവ വാങ്ങൽ | 2,72,116 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3 | ചെറുതന പി.എച്ച്.സി.യിലേക്ക് ഫർണിച്ചർ, ഏ.സി എന്നിവ വാങ്ങൽ | 1,44,495 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 4 | എസ്.സി.ഡി.ഒ. ഓഫീസ് ഫർണിഷിംഗ് | 1,49,447 | പട്ടികജാതി വികസന ഓഫീസർ |
| 5 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ | 9,99,970 | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| 6 | എ.ഡി.എ. ഓഫീസിലേക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ് പ്രോജക്ടർ എന്നിവ വാങ്ങൽ | 2,65,368 | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസ് ഫർണിഷിംഗ് | 2,50,000 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

| | | | |
|---|---|---|---|
| 8 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനവും ഇലക്ട്രോണിക് വീൽ ചെയറും വാങ്ങുന്നതിന് | 11,74,500 | സി.ഡി.പി.ഒ |

2019-20 വർഷം പ്രൊക്യുർമെന്റ് ടീം രൂപീകരിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ചും ആരെല്ലാമാണ് ടീമിൽ ഉള്ളത് എന്നതിനെ സംബന്ധിച്ചും അധികൃതർക്ക് യാതൊരു വ്യക്തതയുമില്ല. വാങ്ങലുകൾ നിർബാധം തുടരുന്നുണ്ടുവെങ്കിലും ആയതിന് നിയമമായ വ്യവസ്ഥകളോ ചട്ടങ്ങളോ ഒന്നും തന്നെ പാലിക്കുന്നില്ല എന്ന് വേണം കരുതാൻ. പ്രൊക്യുർമെന്റ് കമ്മിറ്റി, പ്രൊക്യുർമെന്റ് ടീം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ രൂപീകരിക്കാത്തത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യ വിലോപമാണ്. പ്രൊക്യുർമെന്റ് കമ്മിറ്റികൾ സർക്കാർ ഉത്തരവുകൾ പാലിച്ചും, ആയതിന്റെ അന്തസ്സത്ത ഉൾക്കൊണ്ടും, ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്ന രീതിയിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-18 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തിരികെ ഒടുക്കുന്നത് സംബന്ധിച്ച്-

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | നിരക്കിൽ ഈടാക്കിയ തുക | ഫണ്ടിനം | ബിൽ നമ്പർ/തിയതി |
|---|---|---|---|---|
| 1 | മീനത്തേരിൽ വടക്കുവശം – നാൽപ്പതിൽ ചിറ റോഡ് ടാറിംഗ് – 08/19-20 | 2,750/- | വികസനഫണ്ട് (ജനറൽ) | 09/20-21,dt.15.05.20 800843/- |
| 2 | കരുവാറ്റ ഗ്രാമ പഞ്ചായത്ത് – SCB നം. 1742-കരിയിൽ പീടിക റോഡ് റോഡ് ടാറിംഗ്- 09/20-21 | 2,808/- | വികസനഫണ്ട്(ജനറൽ) | 26/20-21,dt. 03.2.21 463379/- |
| 3. | കാർത്തികപ്പള്ളി ഗ്രാ.പഞ്ചായത്ത് – പുളിക്കീഴ് – വലിയപറമ്പ് റോഡ് റീ-ടാറിംഗ്- 6/19-20 | 4,500/- | വികസനഫണ്ട്(ജനറൽ) | 01/20-21,dt. 21.04.20 421899/- |
| 4. | കാർത്തികപ്പള്ളി ഗ്രാ.പഞ്ചായത്ത്- കോട്ടുവാതുക്കൽ വാതല്ലൂർ കോയിക്കൽ റോഡ് റീ-ടാറിംഗ്- 13/19-20 | 11,000/- | വികസനഫണ്ട്(ജനറൽ) | 11/20-21,dt. 02.06.20 874380/- |
| 5. | കരുവാറ്റ ഗ്രാ.പഞ്ചായത്ത്-NH നാലുകണ്ടം- കല്ലന്റെ പറമ്പിൽ കുറിച്ചിക്കൽ റോഡ് ടാറിംഗ്- 12/18-19 | 3,750/- | വികസനഫണ്ട്(ജനറൽ) | 05/20-21,dt. 20.04.20 413143/- |
| 6. | കുമാരപുരം ഗ്രാ.പഞ്ചായത്ത്- തറയിൽ മുഞ്ഞനാട്ട് റോഡ് മെറ്റലിംഗും ടാറിംഗും. – | 3,000/- | | 10/20-21,dt. 18.5.20,Rs513572/- |

| | | | | |
|---|---|---|---|---|
| | 5/19-20 | | | |
| | ആകെ | 27,808/- | | |

ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളിൽ ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (05/20-21) ലഭ്യമാക്കിയ മറുപടിയിൽ തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകുന്നത് മൂലം അധിക ചെലവ്-

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ച താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സംരക്ഷണ ഭിത്തി നിർമ്മാണത്തിനും കാണ നിർമ്മാണത്തിനും എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 257/m3 (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1)) ആണ്.ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | അനുദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം (ബിൽ നം.) |
|---|---|---|---|---|---|---|
| 1. | തൃക്കുന്നപ്പുഴ ഗ്രാ.പഞ്ചാ.-പാനൂർ പള്ളിമുക്ക് ജം.- ഓടയും സ്ലാബും നിർമ്മാണം. 12/20-21 | അഖിൽ മുരളി | 59.155 M3 @550.40 = 32,559/- | 59.155 M3 @257/m3 = 15,202/- | 17357/- | 34/ 20-21,30-03-21, 495834/-രൂപ |
| 2. | തൃക്കുന്നപ്പുഴ ഗ്രാ.പഞ്ചാ.- കണ്ടേലേഴത്ത്- കുന്ന്പറമ്പ് തോട് സംരക്ഷണ ഭിത്തി നിർമ്മാണം.. 06/20-21 | ഷിയാദ്.എച്ച്. | 31.92 M3 @550/m3 = 17,556/- | 31.92 M3 @257 = 8,203/- | 9353/- | 24/ 20-21,30-03-21, 448872/-രൂപ |
| 3. | ചെറുതന ഗ്രാ.പഞ്ചാ.- കാക്കക്കോടിക്കൽ- വലിയ കുമ്പഴ റോഡ് പിച്ചിംഗ് കെട്ടൽ. 13/20-21 | സജീവൻ | 35.82 M3 @519.82 =18,639/- | 35.82 M3 @257/m3=9,205/- | 9414/- | 36/ 20-21,30-03-21, 438294/-രൂപ |
| 4. | പള്ളിപ്പാട് ഗ്രാ.പഞ്ചാ.- | ഹരികുമാർ.ജി. | 25.20 M3 @553.17/m3 =13,939/-(കരാറുകാരൻ | 25.20 M3 @257 = 6,476/- | 7463/- | 25/ 20-21,03-02-21, |

| | | | | | |
|---|---|---|---|---|---|
| | കാട്ടവള്ളിൽ ക്ഷേത്രം – കറുകയിൽ ജം. ഓട നിർമ്മാണം 13/20-21 | | ക്വോട്ട് ചെയ്ത നിരക്ക്) | | 412313/-രൂപ |
| | ആകെ | | | 43587/- | |

മേൽ അപാകതകൾക്ക് വിശദീകരണം മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (3/ 2020-21) ലഭ്യമാക്കിയ മറുപടിയിൽ ഓട നിർമ്മാണവും ക്രോസ്സ് ഡ്രെയിൻ നിർമ്മാണവും ഉള്ള ഈ പ്രവർത്തിയുടെ എർത്ത് വർക്ക് എസ്കവേഷൻ കടൽക്കരയ്ക്ക സമീപമുള്ള പ്രദേശത്ത് മിനി കൾവർട്ട് മാതൃകയിൽ Narrow Trenching എന്ന നിലയിൽ ചെയ്യേണ്ട ഒന്നായിരുന്നുവെന്നും, ആയത് സംരക്ഷണ ഭിത്തിയുടെ എസ്കവേഷനിൽ നിന്നും തീർത്തും വ്യത്യസ്തമായി ചെയ്യേണ്ടി വന്നതിനാലാണ് 11.1.1.1 എന്ന നിരക്ക് നൽകിയതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2020-21 വർഷം നിർവ്വഹിച്ച ഇത്തരം പ്രവർത്തികളിലും ഇതേ അപാകതകൾ നിലനിന്നിരുന്നത് ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ 15.05.19 ലെ മീറ്റിംഗ് തീരുമാന പ്രകാരം റോഡ് പ്രവർത്തികൾക്ക് കോമൺ ഡേറ്റാ ഉണ്ടാക്കി, MORD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ച് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഇ.ഇ തയ്യാറാക്കിയ കോമൺ ഡേറ്റാ പ്രകാരം റോഡ് പ്രവർത്തികളുമായി ബന്ധപ്പെട്ട് കൾവർട്ടുകൾ, കാണകൾ എന്നിവയുടെ നിർമ്മാണത്തിനായുള്ള എർത്ത് വർക്ക് എക്സ്കവേഷന് 11.1.1.1 എന്ന നിരക്ക് നൽകുവാനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും, ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ നിരക്ക് നൽകിയതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ നിരക്കിൽ വിവിധ പ്രവർത്തികൾ നിർവ്വഹിക്കപ്പെട്ടപ്പോൾ 43,587/- രൂപയാണ് ഇപ്രകാരം അധിക ചെലവുണ്ടായിട്ടുള്ളത്. MORD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചപ്പോൾ ആയത് തയ്യാറാക്കി തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ അംഗീകാരത്തോടെ സംസ്ഥാനമൊട്ടാകെ ഒരേ ഡേറ്റ ഉപയോഗിക്കുന്നതിന് പകരം, ഉയർന്ന നിരക്കുള്ള ഡേറ്റാ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഇ.ഇ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് അനർഹമായ തുക അനുവദിക്കപ്പെടുന്നതിലെ അനൌചിത്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല- നഷ്ടം-78,441/-രൂപ

ജി.ഒ.(പി)13/2012/PWD/01.02.2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ(പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി ആദ്യ തവണ മാത്രം ഫൈൻ ഈടാക്കിയ ശേഷം കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

1) പള്ളിപ്പാട് ഗ്രാമ പഞ്ചായത്തിൽ പള്ളിവേട്ട – മാവ് ജംഗ്ഷൻ – വലിയ മണക്കാട് കോളനി റോഡ് നിർമ്മാണം-പ്രോജക്റ്റ് നം.എസ്സ്.ഒ-82/20

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| കരാറുകാരൻ - | വിജയൻ വിഷ്ണു ഭവനം |
| എഗ്രിമെന്റ് നം. | 6/AEE/LSGD/2018-19, Dt.03.09.2018 |
| ബിൽ നം., തീയതി, തുക | Rs-3,50,956/-, 2/20-21, Dt.18.08.20 |
| PAC | 23,77,019/- |
| M Book | 6/18-19 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 02.03.19 |
| പൂർത്തീകരിച്ച തീയതി | 20.08.19 |
| ഈടാക്കേണ്ട പിഴ | 02.06.19 വരെ – 1%- Rs-23,770/-<br>20.08.19 വരെ – 2% – Rs-47540/90x78 =41,201/- |

| | |
|---|---|
| | ആകെ –23770 + 41201 = 64,971/- |

2) തൃക്കുന്നപ്പുഴ ഗ്രാ.പഞ്ചാ.- വാർഡ്-13-പാനൂർ പള്ളിമുക്ക് ജം.-ഓടയും സ്ലാബും നിർമ്മാണം- -

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ - | അഖിൽ മുരളി |
| എഗ്രിമെന്റ് നം. | 3/AE/LSGD/HPD/2020-21, Dt.30.03.2021. |
| ബിൽ നം., തീയതി, തുക | Rs-4,95,834/- , 34/20-21,dt.30.03.21 |
| PAC | 4,44,057/- |
| M Book | 12/20-21 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 06.02.21 |
| പൂർത്തീകരിച്ച തീയതി | 01.03.21 |
| ഈടാക്കേണ്ട പിഴ | 01.03.21 വരെ – 1%- Rs-4,440/- |

3) കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്- 7-ാം വാർഡിൽ കോട്ട വാതുക്കൽ – വാതല്ലൂർ കോയിക്കൽ റോഡ് റീ-ടാറിംഗ്-പ്രോജക്ട് നം - എസ്സ്- 0046/20

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ - | പി.ഉണ്ണികൃഷ്ണൻ |
| എഗ്രിമെന്റ് നം. | 1/AE/LSGD/2019-20, Dt.05.08.2019 |
| ബിൽ നം., തീയതി, തുക | Rs-4,95,834/- , 01/20-21,dt.02.06.20 |
| PAC | 9,03,014/- |
| M Book | 13/19-20 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 04.02.20 |
| പൂർത്തീകരിച്ച തീയതി | 18.03.20 |
| ഈടാക്കേണ്ട പിഴ | 18.03.20 വരെ – 1%- Rs-9,030/- |

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ കരാർ പ്രകാരം കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഇല്ല. കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ലാത്ത സാഹചര്യത്തിലും, കമ്മിറ്റി തീരുമാനം ഇല്ലാതെയും പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിനും, ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/20-21 ) ലഭ്യമാക്കിയ മറുപടിയിൽ പള്ളി വേട്ട മാവ് ജംഗ്ഷൻ മണക്കാട് കോളനി റോഡ് പ്രവർത്തിയിൽ 90% പ്രവർത്തിയും പൂർത്തീകരണ കാലാവധിക്കുള്ളിൽ കഴിഞ്ഞിരുന്നുവെന്നും പാറ കിട്ടുവാനുള്ള താമസം മൂലമാണ് പണി പൂർത്തീകരിക്കാൻ വൈകിയതെന്നും, ഇക്കാര്യം കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവർത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകുവാനാവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല.നീട്ടി നൽകുന്നതിന് കമ്മിറ്റി തീരുമാനമെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ ക്രമ നം.2, 3 എന്നിങ്ങനെ പരാമർശിച്ചിട്ടുള്ള പ്രവർത്തിയിൽ തുക ഒടുക്കുവാനാവശ്യപ്പെട്ട് കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ 78,441/-രൂപ ഉത്തരവാദിയായ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-21 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല-നഷ്ടം-11,854/-രൂപ

പ്രവർത്തിയുടെ പേര് – തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് – കണ്ടേലേഴത്ത് – കുന്ന്പറമ്പ് തോട് – സംരക്ഷണഭിത്തി നിർമ്മാണം- (എസ്സ്-0133/21)

അളവുപുസ്തകം നം.-06/20-21

ചെലവ് വിവരം-ബിൽ നം. 24/20-21,30-03-21,448872/-രൂപ

കരാറുകാരൻ- ഷിയാദ് എച്ച്.

നിർവ്വഹണം – അസിസ്റ്റന്റ് എൻജിനീയർ

ഈ പ്രവർത്തിയുടെ ഒന്നാം ഇനമായി അളവ് പുസ്തകം പേജ് 1 ൽ ആയി സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി 31.92m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഉടർന്ന് പേജ് 5 ൽ എക്സ്ട്രാ ഇനം 1 ആയി സംരക്ഷണ ഭിത്തിയുടെ ബാക്ക് ഫില്ലിംഗ് നടത്തിയതിന് 13.158m3 മണ്ണ് വിനിയോഗിച്ചിട്ടുണ്ട്.ആയതിന് M3ന് 900.90/-രൂപ നിരക്കിൽ 11,854/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കുഴിച്ചെടുത്ത 31.92m3 മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ ഏറ്റവും കുറഞ്ഞത് 60% എങ്കിലും പുനരുപയോഗയോഗ്യമാണ്. അതനുസരിച്ച് 19.152m3 (31.92 X 60/100) മണ്ണെങ്കിലും ബാക്ക് ഫില്ലിംഗിന് ഉപയോഗിക്കാമെന്നിരിക്കെ, അപ്രകാരം ചെയ്യാതെ , 13.158m3 മണ്ണ് വിലകൊടുത്ത് വാങ്ങി ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചത് മൂലം 11,854/-രൂപയുടെ അധിക ചെലവുണ്ടായി.

അധികം തുക നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(07/20-21)ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് ചെളിമണ്ണായിരുന്നുവെന്നും, ആയതിനാലാണ് ഫില്ലിംഗിന് ഉപയോഗിക്കാതിരുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. അളവുപുസ്തകത്തിൽ ഇക്കാര്യം രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ഇപ്പോൾ എഴുതിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇപ്പോൾ അളവുപുത്തകത്തിൽ രേഖപ്പെടുത്തിയെന്ന മറുപടി അംഗീകരിക്കാനാവില്ല. അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-7,375/- രൂപ

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും, കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും യഥാർത്ഥത്തിൽ ഉപയോഗിച്ച അത്രയും എണ്ണം കാലിവീപ്പയുടെ വില ഈടാക്കാതെയും, ഈടാക്കിയതിൽ തന്നെ, 250/-രൂപ നിരക്കിൽ മാത്രം ഈടാക്കിയതായും കണ്ടു. ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238 രൂപയൊടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലവും, ടാർ വീപ്പയുടെ എണ്ണം കുറച്ച് കാണിച്ചത് മൂലവും ഉണ്ടായ നഷ്ടത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250 രൂപ നിരക്കിൽ ഈടാക്കിയ തുക | 18% ജി.എസ്.ടി ഉൾപ്പെടെ 281/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക | കുറവ് | ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|---|---|
| 1 | മീനത്തേരിൽ വടക്കവശം – നാൽപ്പതിൽ ചിറ റോഡ് ടാറിംഗ് - 08/19-20 | മനോഹരൻ ആർ. | 11 ബാരൽ | 2,750/- | 3,091/- | 341 | 09/20-21,dt.15.05.20 8,00,843/- |
| 2 | SCB നം. 1742- കരിയിൽ പീടിക റോഡ് റോഡ് ടാറിംഗ്- 09/20-21 | ഹബീബ് നാസ്സർ | 11 ബാരൽ | 2,750/- | 3,091/- | 341/- | 26/20-21,dt. 03.2.21 4,63,379/- |
| 3. | കാർത്തികപ്പള്ളി ഗ്രാ.പഞ്ചായത്ത് – പുളിക്കീഴ് – വലിയപറമ്പ് | ബാബു ഗോപാലൻ. | 19 ബാരൽ | 4,500/- | 5,339/- | 839/- | 01/20-21,dt. 21.04.20 4,21,899/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | റോഡ് റീ-ടാറിംഗ്-6/19-20 | | | | | | |
| 4. | കാർത്തികപ്പള്ളി ഗ്രാ.പഞ്ചായത്ത്-കോട്ടവാതുക്കൽ വാതല്ലൂർ കോയിക്കൽ റോഡ് റീ-ടാറിംഗ്-w-15 13/19-20 | പിഉണ്ണികൃഷ്ണൻ. | 50 ബാരൽ | 11,000/- | 14,050/- | 3050/- | 11/20-21,dt. 02.06.20 8,74,380/- |
| 5. | കരുവാറ്റ ഗ്രാ.പഞ്ചായത്ത്-NH നാലുകണ്ടം-കല്ലന്റെ പറമ്പിൽ കുറിച്ചിക്കൽ റോഡ് ടാറിംഗ്-12/18-19 | രാജൻ | 16 ബാരൽ | 3,750/- | 4,496/- | 746/- | 05/20-21,dt. 20.04.20 4,13,143/ |
| 6. | കുമാരപുരം ഗ്രാ.പഞ്ചായത്ത്-തറയിൽ മുഞ്ഞനാട്ട് റോഡ് മെറ്റലിംഗം ടാറിംഗം. - 5/19-20 | മുഹമ്മദ് ഇസ്മയിൽ | 18 ബാരൽ | 3,000/- | 5,058/- | 2058/- | 10/20-21,dt. 18.5.20,Rs513572/- |
| | | | | ആകെ | | 7375/- | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/20-21) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തുക ഈടാക്കി അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. കരാറുകാരിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയതിന് രേഖകളില്ല-അധികം നൽകിയത്- 1,425/- രൂപ

ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അസ്സി.എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള മീനത്തേരിൽ വടക്കുവശം - നാൽപ്പതിൽ ചിറ റോഡ് ടാറിംഗ് എന്ന പ്രവർത്തിയിൽ, കരാറുകാരൻ പൊടിച്ച പ്ലാസ്റ്റിക് വാങ്ങിയതിന്റെ രസീത് ഹാജരാക്കുകയോ, ഫൈനൽ ബില്ലിൽ ആനുപാതിക കുറവു വരുത്തുകയോ ചെയ്തിട്ടില്ല. മറ്റ് ചില പ്രവർത്തികളിൽ ഹരിപ്പാട് നഗരസഭയിൽനിന്നും ഹരിത കർമ്മ സേന മുഖേന കിലോഗ്രാമിന് 25/- രൂപ നിരക്കിൽ ആണ് പൊടിച്ച പ്ലാസ്റ്റിക് വാങ്ങി പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്. പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരുന്നത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നൽകിയ പ്ലാസ്റ്റികിന്റെ അളവ്./ അളവുപുസ്തകം | ഈടാക്കേണ്ടിയിരുന്ന തുക (@25/kg) | തുക നൽകിയ ബില്ലിന്റെ വിശദാംശം |
|---|---|---|

| | | |
|---|---|---|
| 57.03 കി.ഗ്രാം<br>8/19-20 | 1425/- | 09/20-21,dt.15-05-20,Rs800843/- |
| ആകെ | 1,425/- | |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (04/20-21) ലഭ്യമാക്കിയ മറുപടിയിൽ പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരുന്നത് സംബന്ധിച്ച്, മേൽ പ്രവർത്തിക്ക് പൊടിച്ച പ്ലാസ്റ്റിക്ക് ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 1,425/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-25 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അവശ്യം വേണ്ട രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ഇവയൊക്കെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും അവയിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമായി തുടരുന്നു. അഡ്വാൻസ് ഇനത്തിൽ തുകകൾ അനുവദിക്കുന്നുണ്ടെങ്കിലും അവ ചെലവഴിച്ച ശേഷം ബാലൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ എന്നത് മനസ്സിലാക്കാൻ തരത്തിലുള്ള എൻട്രികൾ രജിസ്റ്ററിൽ എഴുതി ചേർത്തിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്ക് മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗം കണ്ടെത്താൻ സാധിക്കുന്നതിന് യാതൊരു സംവിധാനമില്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ബ്ലോക്ക് പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഓഡിറ്റ് വർഷം വിവിധ പദ്ധതികൾ പ്രകാരം ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, പ്രൊജക്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഫർണിച്ചറുകൾ, RO പ്ലാന്റുകൾ മുതലായവ വാങ്ങിയിട്ടുണ്ടെങ്കിലും ഇവയൊന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ ഒരു രജിസ്റ്ററിൽ ചില ഉപകരണങ്ങളുടെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ ഗ്യാരണ്ടി കാലാവധി, ബില്ലിന്റെ വിവരങ്ങൾ തുടങ്ങിയവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികമാക്കിയിട്ടില്ല. കംപ്യൂട്ടർ, ഫർണിച്ചർ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനസാമഗ്രികൾ എഴുതി ചേർത്തത് കണ്ടുപിടിക്കാൻ ഇൻഡക്സ് പോലും എഴുതി തയ്യാറാക്കിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനം കൃത്യമായ രീതിയിൽ കൈകാര്യം ചെയ്യുതിന് അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്. അതിനാവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകി ശരിയായ തരത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-26 വാട്ടർ പ്യൂരിഫയർ - വാട്ടർ കണക്ഷൻ നാളിതുവരെ നൽകിയിട്ടില്ല -32,353 രൂപ തടസ്സപ്പെടുത്തുന്നു

2020-21 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്നു കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 47/21 കൈമാറിയ കിട്ടിയ സ്ഥാപനങ്ങൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ |
| തുക, ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-3,00,000 |
| | തനത് ഫണ്ട്-1,00,000 |
| ചെലവ് | ബിൽ നമ്പർ -52/20-21-300000/31.03.21 |
| ആകെ | 3,00,000 |

ക്വട്ടേഷൻ/ ടെണ്ടർ നടപടിയിലൂടെ എസ്ദാൻ അസോസിയേറ്റ്സ്, ശ്രീശൈലം ബിൽഡിംഗ് കരകുളം എന്ന സ്ഥാപനത്തിൽ നിന്ന് വാട്ടർ പ്യൂരിഫയർ വാങ്ങി. ATLANTIS RO+UV എന്ന മോഡലാണ് വാങ്ങിയത്. ആകെ വാങ്ങിയ 8 വാട്ടർ പ്യൂരിഫയറിൽ നിന്നും 5 എണ്ണം ഘടക സ്ഥാപനങ്ങളിൽ സ്ഥാപിച്ചതായി രേഖകളുണ്ട്. സി.ഡി.പി.ഒ., സി.എച്ച്.സി., എ.ഡി.എ., ഡി.ഇ.ഒ., പി.എച്ച്.സി.അയ്യൻകാളി ദേശീയ തൊഴിലുറപ്പ് ഓഫീസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം എന്നീ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

ATLANTIS RO+UV എന്ന കമ്പനിയുടെ വാട്ടർ പ്യൂരിഫയറിന് 32,353 രൂപയാണ് അടിസ്ഥാന വില. കൂടാതെ നികുതികളും ബാധകമാണ്.

പട്ടികജാതി വികസന ഓഫീസിന് നൽകിയ വാട്ടർ പ്യൂരിഫയർ യൂണിറ്റിന് നാളിതുവരെ വാട്ടർ കണക്ഷൻ നൽകിയിട്ടാല്ലായെന്ന് ഭൌതിക പരിശോധനയിൽ ബോധ്യമായി. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ അതിന്റെ ഫീസിബിലിറ്റി പരിശോധിക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള അപാകത്തിന് കാരണം . ഉയർന്ന വില നൽകി സാധനസാമഗ്രികൾ വാങ്ങി പ്രവർത്തിപ്പിക്കാത്തത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്.ജല ലഭ്യത ഉള്ള ഓഫീസുകൾക്ക് നൽകുന്നതിനുപകരം അതില്ലാത്ത ഓഫീസുകൾക്ക് നൽകുന്നത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് 16.05.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 19 /2020-21)അധികൃതർ മറുപടി ലഭ്യമാക്കിയില്ല. വിവിധതരം ഫണ്ടുകളിലൂടെ ലഭിക്കുന്ന പണം പാഴാക്കിക്കളയുന്നത് കൃത്യവിലോപമാണ് . പ്രസ്തുത വാട്ടർ പ്യൂരിഫയർ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതുവരെ വാട്ടർ പ്യൂരിഫയറിനായി ചെലവഴിച്ച 32,353 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 പരസ്യ ചാർജ്ജ് ഇനത്തിൽ ഡിസ്കൌണ്ട് ലഭിച്ചില്ല- 2,484 രൂപയുടെ നഷ്ടം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ.(പി) നം.17 /2015/ പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ മാതൃഭൂമി ദിനപത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പരസ്യതീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST&CGST @2.5 | ചെക്ക് നമ്പർ, തീയതി | ലഭിക്കേണ്ട ഡിസ്കൌണ്ട് തുക |
|---|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | | |
| 14.03.20 | മാതൃഭൂമി | ബ്ലോക്ക് പ്ലാൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നൽകിയ പത്രപ്പരസ്യം | 3 | 8 | 230 | 5520 | 0402793/ 05.08.20 | 828 |
| 12.02.21 | മാതൃഭൂമി | MLA SDF പ്രവൃത്തികൾക്കായി നടത്തിയ പത്രപ്പരസ്യം | 3 | 8 | 230 | 5520 | 0109451/ 26.02.21 | 828 |
| 22.01.21 | മാതൃഭൂമി | ബ്ലോക്ക് പ്ലാൻ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 3 | 8 | 230 | 5520 | 0109439/ 23.01.21 | 828 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ആകെ | | | | 16560 | 2484 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4.1.2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തത്.(തൻ വർഷം ദേശാഭിമാനി പത്രത്തിൽ നൽകിയിട്ടുള്ള പരസ്യങ്ങൾക്ക് ഡിസ്കൌണ്ട് അനുവദിച്ചു കിട്ടിയിട്ടുണ്ട്.)

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 23 തീയതി 20.05.2022) സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 2,484- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 WMM-അനുവദനീയമായ കനത്തിലും കൂടുതലായി നിർവ്വഹിച്ചു-

കരുവാറ്റ ഗ്രാമ പഞ്ചായത്ത്- അരുവിക്കര മുക്ക് മുതൽ ആശ്രമം-ചെമ്പ് തോട് വരെ റോഡ് റീ-ടാറിംഗ്-(എസ്സ്-0092/21 )

കരാറുകാരൻ – ഷൈൻ പി.

പിഎസി-416910/-

MB.No.-11/19-20

ചെലവ് വിവരം – Rs-405288/-4/20-21, Dt.20.04.20

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിൽ 2020 21 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള മേൽ രേഖപ്പെടുത്തിയിട്ടുള്ള റോഡു നിർമ്മാണ പ്രവർത്തിയിൽ 130 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും നിലവിലുള്ള ബിറ്റുമിനസ് റോഡ് സ്കാരിഫൈ ചെയ്ത് റീ-ടാറിംഗ് നടത്തുക എന്നതായിരുന്നു പദ്ധതി. അളവു പുസ്തകം പേജ് -1 ഇനം 3 ആയി 390m2സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് പേജ്-2 ൽ ഇനം 4 ആയി WMM എന്ന പ്രവർത്തി ലെവൽ ഫീൽഡ് ബുക്കിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് 57.78m3 നിർവ്വഹിച്ചിട്ടുണ്ട്. (LF No.02/19-20) ലെവൽ ഷീറ്റിലെ രേഖപ്പെടുത്തൽ പ്രകാരം ഓരോ ചെയിനേജിലും ഫൈനൽ ലെവൽസിന് ശേഷം 0.15cm. കനമാണ് അനുവദിച്ചിട്ടുള്ളത്. LSGD ചീഫ് എൻജിനീയറുടെ 10.08.16 ലെ No.DB-3/6512/2013/CE/LSGD സർക്കുലർ പ്രകാരം 0.075mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 0.75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവർത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 28.89m3 മാത്രമാണ്. (57.78m3/2) (തൻവർഷം കുമാരപുരം പഞ്ചായത്തിൽ 2-ാം വാർഡിൽ തറയിൽ മുഞ്ഞനാട്ട് റോഡ് ടാറിംഗ് എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഒന്നാം മെറ്റലിംഗ് കഴിഞ്ഞ റോഡിൽ WMM പ്രവർത്തി 0.075mm കനത്തിൽ ആണ് നിർവ്വഹിച്ചിട്ടുള്ളത്.)

മേൽ സൂചിപ്പിച്ച പ്രകാരം പ്രവർത്തി നിർവ്വഹിച്ചത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവർത്തിക്ക് 02/07/19 ൽ സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതാണെന്നും, 2018 ലെ പ്രളയത്തിൽ ഈ റോഡും, പരിസര പ്രദേശങ്ങളും, പൂർണ്ണമായും വെള്ളം കയറി, റോഡിന്റെ മിക്ക ഭാഗങ്ങളും പൂർണ്ണമായും, ഒലിച്ചു പോയിട്ടുള്ളതാണെന്നും ആയതിനാലാണ് സ്കാരിഫൈചെയ്ത റോഡിൽ വീണ്ടും 0.15 Cm. കനത്തിൽ WMM ചെയ്തതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എവിടെയും റോഡിന്റെ നിലവിലെ അവസ്ഥയെ സംബന്ധിച്ചോ, ഇപ്രകാരം ചെയ്യേണ്ട ആവശ്യകതയെ സംബന്ധിച്ചോ രേഖപ്പെടുത്തിയിട്ടില്ല.ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കാതെ, സർക്കുലറിന് വിരുദ്ധമായി പ്രവർത്തി നിർവ്വഹിച്ചത് ശരിയായ നടപടിയല്ല. എന്നിരുന്നാലും പ്രളയവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യത്തിൽ നിർവ്വഹിച്ചതാണെന്ന മറുപടി അംഗീകരിക്കുന്നു. പരാമർശത്തിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ഒഴിവാക്കി പ്രവർത്തികൾ നിർവ്വഹിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ -

2019-20 & 2020-21 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികളുടെ മിക്ക ഫയലുകളിലും അപ്രകാരം മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ്

റിപ്പോർട്ട് സൂക്ഷിച്ചിട്ടുള്ള ഫയലുകളിൽ തന്നെസമിതിയിലുള്ളവരുടെ പേരു വിവരങ്ങൾ രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

2. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം മിക്ക പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

3. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുള്ളവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തി നൽകുന്നില്ല.

4. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

5. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

6. എഗ്രിമെന്റ് രജിസ്റ്ററിൽ പല പ്രവർത്തികളുടെയും PAC, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
7. PAC, സെക്യൂരിറ്റി തുക എന്നിവയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

8. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172പട്ടിക 4- IX.1 പ്രകാരം ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും, ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുകയും ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (09/20-21)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-30 ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്-

ബ്ലോക്ക്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1)ആസ്തി രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ എന്ന പേരിൽ ലഭ്യമാക്കിയത് രജിസ്റ്ററിന്റെ ചില പേജുകൾ മാത്രമാണ്.

2)ജംഗമ വസ്തുക്കളുടെ വിവരങ്ങളും ലഭ്യമാക്കിയ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) കുടിവെള്ള പദ്ധതികളുടെയും കെട്ടിടങ്ങളുടെയും വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ, സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണ വർഷം, നിർമ്മാണ ചെലവ് തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.
4. 2020-21 ലും, അതിന് മുൻപുള്ള വർഷങ്ങളിലും വളരെയധികം കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, ഫർണിച്ചറുകളും, പ്രൊജക്ടറുകളും ബ്ലോക്ക് പഞ്ചായത്തിലേക്കും അനുബന്ധ സ്ഥാപനങ്ങളിലേക്കും വാങ്ങിയിട്ടുണ്ടെങ്കിലും അവയുടെ വിവരങ്ങളൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/20-21) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും സചിത്ര സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-31 ലൈഫ് അവലോകനം

2020-21സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു. കൂടാതെ മുൻവർഷങ്ങളിൽ തുക കൈപ്പറ്റിയിട്ട് പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഭവനപദ്ധതികളുടെയും നിലവിലെ അവസ്ഥ ഉൾപ്പടെയുള്ള വിശദാംശംങ്ങൾ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | നിർമ്മാണ ഉടമ്പടികളുടെ എണ്ണം | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാനുള്ളത് | | | നിലവിലെ സ്ഥിതി | | | |
|---|---|---|---|---|---|---|---|---|---|
| | | | 2020-21 | 2017-18 | ആകെ | ആരംഭിച്ചിട്ടില്ലാത്തത് | അടിത്തറ മാത്രം കെട്ടിയത് | ലിന്റൽ ലെവൽ | മേൽക്കൂര വരെ പൂർത്തീകരിച്ചത് |
| ചെറുതന | 3 | 1 | 2 | 1 | 3 | 1 | 0 | 1 | 1 |
| കരുവാറ്റ | 9 | 7 | 2 | 0 | 2 | 0 | 0 | 2 | 0 |
| കാർത്തികപ്പള്ളി | 6 | 6 | 0 | 0 | 0 | 0 | 0 | 0 | 0 |
| കുമാരപുരം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| പള്ളിപ്പാട് | 4 | 3 | 4 | 1 | 4 | 1 | 2 | 0 | 1 |
| തൃക്കുന്നപ്പുഴ | 18 | 12 | 6 | 0 | 6 | 0 | 1 | 3 | 2 |
| വീയപുരം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 40 | 27 | 13 | 2 | 15 | 2 | 3 | 6 | 04 |

ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ പേരുവിവരങ്ങളും കൈപ്പറ്റിയ ആകെ തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേരുവിവരം | പിൻവലിച്ച തുക | പദ്ധതി എഗ്രിമെന്റ് വെച്ച വർഷം |
|---|---|---|---|
| ചെറുതന | കുഞ്ഞമ്മ രമണൻ, നാന്തുട്ടി. | 3,26,000 | 17-18 |
| | അനിത കുമാരി കടിയാംകാട്ടിൽ | 3,76,000 | 20-21 |
| | മധുസൂതനൻ, തുണ്ടിൽ, പാണ്ടി | 48,000 | 20-21 |
| പള്ളിപ്പാട് | മനോജ് കുമാർ പുതുവള്ളിൽ | 48,000 | 17-18 |
| | വേണുഗോപാൽ തയ്യിൽ തറയിൽ | 1,46,000 | 20-21 |
| | പ്രസന്ന സോമൻ വേണാട്ടുതറയിൽ | 1,46,000 | 20-21 |
| | വിജയമ്മ തയ്യിൽ കോളനി | 3,06,000 | 20-21 |

| | | | |
|---|---|---|---|
| കരുവാറ്റ | ലതാസോമൻ വൈശാഖ് ഭവൻ | 1,60,000 | 20-21 |
| | പൊന്നമ്മ കളത്തിൽ | 3,06,000 | 20-21 |
| തൃക്കുന്നപ്പുഴ | രജീഷ്/ ഷൈനി നന്ദനം | 3,28,000 | 20-21 |
| | രാധാമണി സുരേന്ദ്രൻ പുത്തൻപുര കിഴക്കേതിൽ | 3,56,000 | 20-21 |
| | സതീഷ് കുമാർ ഇടതായിൽ | 1,60,000 | 20-21 |
| | സുഭഗൻ കൈതച്ചിറയിൽ | 1,23,000 | 20-21 |
| | ലൈല തുണ്ടുവടക്കേതിൽ | 1,60,000 | 20-21 |
| | റഷീദ നൌഷാദ് കൊച്ചുപോച്ചയിൽ | 3,28,000 | 20-21 |

മേൽ വിശദീകരിക്കപ്പെട്ട തരത്തിലാണ് ബ്ലോക്ക് പഞ്ചായത്തിൽ ഭവന നിർമ്മാണ പദ്ധതി പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഭവന നിർമ്മാണ പദ്ധതി കരാറിൽ ഏർപ്പെട്ട എല്ലാ ഗുണഭോക്താക്കളും പദ്ധതി പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ലയെന്നത് അംഗീകരിക്കാനാവില്ല. പ്രസ്തുത വ്യക്തികളെകൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 കോവിഡ് അവലോകനം

കോവിഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് താഴെപ്പറയുന്ന തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ബോധവൽകരണം - സ്കൂൾ, കോളേജ്, ഓഫീസ്, മറ്റ് സംഘടകൾ, പൊതുസ്ഥലങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ മേഖലകളെയും കോവിഡ് 19 വ്യാപനം, തടയൽ തുടങ്ങിയവയെക്കുറിച്ച് ബോധവൽകരണം നടത്തിയിരുന്നു. ഈ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു.

കൃത്യമായി മാസ്ക്, സാനിറ്റൈസർ, സാമൂഹിക അകലം പാലിക്കൽ എന്നിവ എങ്ങനെ ഉപയോഗിക്കണമെന്നും ആരോഗ്യപ്രവർത്തകർ, ആശാപ്രവർത്തകർ, വാളണ്ടിയർമാർ, കോവിഡ് ബ്രിഗേഡിയർമാർ എന്നിവർ മുഖേന ജനങ്ങൾക്ക് ബോധവൽകരണം നടത്തുകയും ജനങ്ങൾ അപ്രകാരം പ്രവർത്തിക്കുകയും ചെയ്തതത് രോഗവ്യാപനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്.

അണുനശീകരണം- കൃത്യമായ ഇടവേളകളിൽ ബ്ലീച്ചിങ്ങ് ലായനി, സോഡിയം ഹൈപ്പോക്ലോറേറ്റ് ലായനി തുടങ്ങിയവ ഉപയോഗിച്ച നടത്തിവരുന്നു. അതിനാവശ്യമായ ലായനിയും പമ്പ്സെറ്റും വാങ്ങി.ആശാ പ്രവർത്തകരും ആരോഗ്യ പ്രവർത്തകരും നേതൃത്വം നൽകിയ അണുനശീകരണപ്രവർത്തനങ്ങൾ അഭിനന്ദനാർഹമായ രീതിയിൽ പ്രവർത്തനം നടത്തി. ഫയർഫോഴ്സിന്റെ സഹായവും ഇതിനായി പലപ്പോഴും തേടിയിരുന്നു. ലോക്ഡൌൺ കാലങ്ങളിൽ രോഗികൾക്ക് ആവശ്യമായ മരുന്ന് മറ്റ് അത്യാവശ്യ സാധനങ്ങളായ സാനിറ്റൈസർ, മാസ്ക് തുടങ്ങിയവ വീട്ടിൽ എത്തിച്ച കൊടുത്തു.

ടെസ്റ്റ് ചെയ്യൽ - രോഗലക്ഷണം ഉള്ളവരയും സമ്പർക്കപട്ടികയിൽ ഉള്ളവരേയും ആന്റിജൻ, ആർ.ടി.പി.സി.ആർ. ടെസ്റ്റും നടത്തുന്നതിനുവേണ്ടി ഫോണിൽ ബന്ധപ്പെടുകയും പരിശോധനാ സ്ഥലത്ത് എത്തിച്ചേരാൻ നിർദ്ദേശം നൽകുകയും കൃത്യമായി മോണിറ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പോസിറ്റീവ് ആയ ആളുകളുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കലും ക്വാറന്റൈൻ ചെയ്യലും- പോസ്റ്റീവ് ആയ രോഗികളെ ഡോക്ടർമാർ, ആരോഗ്യപ്രവർത്തകർ, ആശ പ്രവർത്തകർ എന്നിവർ ഫോണിൽ കൂടി ബന്ധപ്പെട്ട് പട്ടിക തയ്യാറാക്കി

അവരെ കോറന്റൈൻ ചെയ്യുകയും, ടെസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു.

കൃത്യമായി കോറന്റൈൻ ഉറപ്പാക്കിയിരുന്നു.അന്യ രാജ്യങ്ങളിൽ നിന്നും എത്തുന്ന ആളുകളെ കൃത്യമായി കോവിഡ് 19 പ്രോട്ടോക്കോൾ കാലാകാലങ്ങളിൽ ഗവൺമന്റിന്റെ ഉത്തരവ് അനുസരിച്ച് നടപ്പിലാക്കിയിരുന്നു. കാലാകാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് ക്വാറൻൈൻ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിൽ അധികൃതർ വളരേയേറെ ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

ആശുപത്രിയിൽ ഒരു കൺട്രോൾ റൂം തുറന്നു. പൊതുജനങ്ങൾക്ക് സംശയങ്ങൾ ദൂരീകരിക്കുന്നതിന് വേണ്ടി ഒരു ഫോൺ നമ്പർ കൊടുക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൺട്രോൾ റൂമിലേക്കാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകുകയുണ്ടായി.

കോവിഡ് പോസിറ്റീവ് ആകുന്നവരുടെ ചികിത്സ-- മൂന്ന് വിഭാഗങ്ങളായി രോഗികളെ തരം തിരിക്കുകയും കാറ്റഗറി A ഉള്ളവരെ കൂടുതലും ഹോം ഐസോലേഷൻ നടത്തുകയും കൃത്യമായി കോവിഡ് ജാഗ്രതാ പോർട്ടലിൽ രേഖപ്പെടുത്തി മോണിട്ടർ ചെയ്യുകയും ചെയതു. കാറ്റഗറി B യിൽ ഉള്ളവരെ CFLTC, CSLTC എന്നിവടങ്ങളിലേക്ക് ആംബുലൻസ് സൌകര്യം ഏർപ്പെടുത്തുകയും കോവിഡ് നെഗറ്റീവ് ആകുന്നവരെ വീട്ടിൽ എത്തിക്കുകയും ചെയതുവരുന്നു. കാറ്റഗറി C യിൽ ഉള്ളവരെ വണ്ടാനം മെഡിക്കൽ കോളേജിലേക്ക് എത്തിച്ച് ചികിത്സ കൊടുത്തിരുന്നു.

കോവിഡ് മൂലം മരണപ്പെടുന്നവരുടെ മരണാനന്തര കർമ്മങ്ങൾ ആവശ്യമായി വന്നാൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ചടങ്ങുകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവർക്ക് പി.പി.ഇ.യും ലഭ്യമാക്കി.

ഓക്സിജൻ കോൺസൺട്രേറ്റർ ബ്ലോക്ക് പഞ്ചായത്ത് വഴി ലഭ്യമാക്കിയത് വളരേയേറെ പ്രയോജനപ്രദമായിരുന്നു. പൾസ് ഓക്സിമീറ്റർ രോഗികളുടെ ഓക്സിജൻ സാന്ദ്രത അറിയുവാൻ വളരെയേറെ പ്രയോജനപ്പെട്ടു.

റിപ്പോർട്ടിങ്ങ്- ജില്ലാതലം, സ്റ്റേറ്റ് തലം, ബ്ലോക്ക്തലം, പഞ്ചായത്ത് തലം എന്നിവടങ്ങളിലേക്ക് കൃത്യമായി റിപ്പോർട്ട് തയ്യാറാക്കി അയച്ചിരുന്നു. കോവിഡ് ജാഗ്രതാ പോർട്ടലിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. മരണപ്പെട്ടവർക്ക് മരണ സർട്ടിഫിക്കേറ്റും, ധനസഹായവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മാസ്ക്, തെർമൽ സ്കാനർ, സർജിക്കൽ ഗ്ലൌസ്, പി.പി.ഇ.കിറ്റ്, 3 ലെയർ മാസ്ക്, എൻ.95 മാസ്ക്, എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനായി 1,75, 889 ചെലവഴിച്ച് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയാൻ ഇത്തരം പ്രവൃത്തികൾക്ക് കഴിഞ്ഞുവെന്ന് വേണം കരുതാൻ.

കോവിഡ് പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ തികച്ചും മാതൃകാപരമായി തന്നെയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വരവ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല- നഷ്ടം-78,441/-രൂപ

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ(പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി ആദ്യ തവണ മാത്രം ഫൈൻ ഈടാക്കിയ ശേഷം കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച് നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

1) പള്ളിപ്പാട് ഗ്രാമ പഞ്ചായത്തിൽ പള്ളിവേട്ട - മാവ് ജംഗ്ഷൻ - വലിയ മണക്കാട് കോളനി റോഡ് നിർമ്മാണം-

പ്രൊജക്റ്റ് നം.എസ്സ്.ഒ-82/20

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| കരാറുകാരൻ | വിജയൻ വിഷ്ണു ഭവനം |
| എഗ്രിമെന്റ് നം. | 6/AEE/LSGD/2018-19, Dt.03.09.2018 |
| ബിൽ നം., തീയതി, തുക | Rs-350956/- , 2/20-21,dt.18.08.20 |
| PAC | 23,77,019/- |
| M Book | 6/18-19 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 02.03.19 |
| പൂർത്തീകരിച്ച തീയതി | 20.08.19 |
| ഈടാക്കേണ്ട പിഴ | 02.06.19 വരെ – 1%- Rs-23,770/-<br>20.08.19 വരെ – 2% – Rs-47540/90x78 =41201/-<br>ആകെ -23770 + 41201 = 64,971/- |

2) തൃക്കുന്നപ്പുഴ ഗ്രാ.പഞ്ചാ.- വാർഡ്-13-പാനൂർ പള്ളിമുക്ക് ജം.-ഓടയും സ്ലാബും നിർമ്മാണം-

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | അഖിൽ മുരളി |
| എഗ്രിമെന്റ് നം. | 3/AE/LSGD/HPD/2020-21, Dt.30.03.2021 |
| ബിൽ നം., തീയതി, തുക | Rs-495834/- , 34/20-21,dt.30.03.21 |
| PAC | 4,44,057/- |
| M Book | 12/20-21 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 06.02.21 |
| പൂർത്തീകരിച്ച തീയതി | 01.03.21 |
| ഈടാക്കേണ്ട പിഴ | 01.03.21 വരെ – 1%- Rs-4,440/- |

3) കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്- 7-ാം വാർഡിൽ കോട്ട വാതുക്കൽ – വാതല്ലൂർ കോയിക്കൽ റോഡ് റീ-ടാറിംഗ്-പ്രോജക്റ്റ് നം. - എസ്സ്- 0046/20

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | പി.ഉണ്ണികൃഷ്ണൻ |
| എഗ്രിമെന്റ് നം. | 1/AE/LSGD/2019-20, Dt.05.08.2019 |
| ബിൽ നം., തീയതി, തുക | Rs-4,95,834/- , 01/20-21,dt.02.06.20 |
| PAC | 9,03,014/- |
| M Book | 13/19-20 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 04.02.20 |
| പൂർത്തീകരിച്ച തീയതി | 18.03.20 |
| ഈടാക്കേണ്ട പിഴ | 18.03.20 വരെ – 1%- Rs-9,030/- |

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ കരാർ പ്രകാരം കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഇല്ല. കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ലാത്ത സാഹചര്യത്തിലും, കമ്മിറ്റി തീരുമാനം ഇല്ലാതെയും പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിനും, ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/20-21 ) ലഭ്യമാക്കിയ മറുപടിയിൽ പള്ളി വേട്ട മാവ് ജംഗ്ഷൻ മണക്കാട് കോളനി റോഡ് പ്രവർത്തിയിൽ 90% പ്രവർത്തിയും പൂർത്തീകരണ കാലാവധിക്കുള്ളിൽ കഴിഞ്ഞിരുന്നുവെന്നും പാറ കിട്ടുവാനുള്ള താമസം മൂലമാണ് പണി പൂർത്തീകരിക്കാൻ വൈകിയതെന്നും, ഇക്കാര്യം

കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവർത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകുവാനാവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. നീട്ടി നൽകുന്നതിന് കമ്മിറ്റി തീരുമാനമെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ ക്രമ നം.2, 3 എന്നിങ്ങനെ പരാമർശിച്ചിട്ടുള്ള പ്രവർത്തിയിൽ തുക ഒടുക്കുവാനാവശ്യപ്പെട്ട് കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ 78,441/-രൂപ ഉത്തരവാദിയായ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-2 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല-നഷ്ടം-11,854/-രൂപ

പ്രവർത്തിയുടെ പേര് – തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് – കണ്ടേലേഴത്ത് – കുന്ന്പറമ്പ് തോട് – സംരക്ഷണഭിത്തി നിർമ്മാണം- (എസ്സ്-0133/21)
അളവുപുസ്തകം നം.-06/20-21
ചെലവ് വിവരം-ബിൽ നം. 24/20-21,30.03.21,448872/-രൂപ
കരാറുകാരൻ- ഷിയാദ് എച്ച്.
നിർവ്വഹണം – അസിസ്റ്റന്റ് എൻജിനീയർ

ഈ പ്രവർത്തിയുടെ ഒന്നാം ഇനമായി അളവ് പുസ്തകം പേജ് 1 ൽ ആയി സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി 31.92m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.തുടർന്ന് പേജ് 5 ൽ എക്സ്ട്രാ ഇനം 1 ആയി സംരക്ഷണ ഭിത്തിയുടെ ബാക്ക് ഫില്ലിംഗ് നടത്തിയതിന് 13.158m3 മണ്ണ് വിനിയോഗിച്ചിട്ടുണ്ട്.ആയതിന് M3ന് 900.90/-രൂപ നിരക്കിൽ 11,854/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കുഴിച്ചെടുത്ത 31.92m3 മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ ഏറ്റവും കുറഞ്ഞത് 60% എങ്കിലും പുനരുപയോഗയോഗ്യമാണ്. അതനുസരിച്ച് 19.152m3 (31.92 X 60/100) മണ്ണെങ്കിലും ബാക്ക് ഫില്ലിംഗിന് ഉപയോഗിക്കാമെന്നിരിക്കെ, അപ്രകാരം ചെയ്യാതെ, 13.158m3 മണ്ണ് വിലകൊടുത്ത് വാങ്ങി ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചത് മൂലം 11,854/-രൂപയുടെ അധിക ചെലവുണ്ടായി.
അധികം തുക നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(07/20-21)ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് ചെളിമണ്ണായിരുന്നുവെന്നും, ആയതിനാലാണ് ഫില്ലിംഗിന് ഉപയോഗിക്കാതിരുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. അളവുപുസ്തകത്തിൽ ഇക്കാര്യം രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ഇപ്പോൾ എഴുതിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇപ്പോൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയെന്ന മറുപടി അംഗീകരിക്കാനാവില്ല. അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-7,375/- രൂപ-

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും, കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും യഥാർത്ഥത്തിൽ ഉപയോഗിച്ച അത്രയും എണ്ണം കാലിവീപ്പയുടെ വില ഈടാക്കാതെയും, ഈടാക്കിയതിൽ തന്നെ, 250/-രൂപ നിരക്കിൽ മാത്രം ഈടാക്കിയതായും കണ്ടു.ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238 രൂപയൊടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലവും, ടാർ വീപ്പയുടെ എണ്ണം കുറച്ച് കാണിച്ചത് മൂലവും ഉണ്ടായ നഷ്ടത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250 രൂപ നിരക്കിൽ ഈടാക്കിയ തുക | 18% ജി.എസ്.ടി ഉൾപ്പെടെ 281/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക | കുറവ് | ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|---|---|
| 1 | മീനത്തേരിൽ വടക്കുവശം – നാൽപ്പതിൽ ചിറ റോഡ് ടാറിംഗ് - | മനോഹരൻ ആർ. | 11 ബാരൽ | 2,750/- | 3,091/- | 341 | 09/20-21,dt.15.05.20 8,00,843/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | 08/19-20 | | | | | | |
| 2 | SCB നം. 1742- കരിയിൽ പീടിക റോഡ് റോഡ് ടാറിംഗ്- 09/20-21 | ഹബീബ് നാസ്സർ | 11 ബാരൽ | 2,750/- | 3,091/- | 341/- | 26/20-21,dt. 03.2.21 4,63,379/- |
| 3. | കാർത്തികപ്പള്ളി ഗ്രാ.പഞ്ചായത്ത് – പുളിക്കീഴ് – വലിയപറമ്പ് റോഡ് റീ-ടാറിംഗ്- 6/19-20 | ബാബു ഗോപാലൻ | 19 ബാരൽ | 4,500/- | 5,339/- | 839/- | 01/20-21,dt. 21.04.20 4,21,899/- |
| 4. | കാർത്തികപ്പള്ളി ഗ്രാ.പഞ്ചായത്ത്- കോട്ടവാതുക്കൽ വാതല്ലൂർ കോയിക്കൽ റോഡ് റീ-ടാറിംഗ്-W-15 13/19-20 | പി.ഉണ്ണികൃഷ്ണൻ | 50 ബാരൽ | 11,000/- | 14,050/- | 3050/- | 11/20-21,dt. 02.06.20 8,74,380/- |
| 5. | കരുവാറ്റ ഗ്രാ.പഞ്ചായത്ത്-NH നാലുകണ്ടം- കല്ലന്റെ പറമ്പിൽ കറിച്ചിക്കൽ റോഡ് ടാറിംഗ്- 12/18-19 | രാജൻ | 16 ബാരൽ | 3,750/- | 4,496/- | 746/- | 05/20-21,dt. 20.04.20 4,13,143/ |
| 6. | കുമാരപുരം ഗ്രാ.പഞ്ചായത്ത്- തറയിൽ മുഞ്ഞനാട്ട് റോഡ് മെറ്റലിംഗം ടാറിംഗം. - 5/19-20 | മുഹമ്മദ് ഇസ്മയിൽ | 18 ബാരൽ | 3,000/- | 5,058/- | 2058/- | 10/20-21,dt. 18.5.20,Rs513572/- |
| | | | | ആകെ | | 7375/- | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/20-21) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തുക ഈടാക്കി അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. കരാറുകാരിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഈടാക്കിയതിന് രേഖകളില്ല-അധികം നൽകിയത്- 1,425/- രൂപ

ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള മീനത്തേരിൽ വടക്കുവശം – നാൽപ്പതിൽ ചിറ റോഡ് ടാറിംഗ് എന്ന പ്രവർത്തിയിൽ, കരാറുകാരൻ പൊടിച്ച പ്ലാസ്റ്റിക് വാങ്ങിയതിന്റെ രസീത് ഹാജരാക്കുകയോ, ഫൈനൽ ബില്ലിൽ ആനുപാതിക കുറവു വരുത്തുകയോ ചെയ്തിട്ടില്ല. മറ്റ് ചില പ്രവർത്തികളിൽ ഹരിപ്പാട് നഗരസഭയിൽനിന്നും ഹരിത കർമ്മ സേന മുഖേന കിലോഗ്രാമിന് 25/- രൂപ നിരക്കിൽ ആണ് പൊടിച്ച പ്ലാസ്റ്റിക് വാങ്ങി പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്. പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരുന്നത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നൽകിയ പ്ലാസ്റ്റികിന്റെ അളവ്/ അളവുപുസ്തകം | ഈടാക്കേണ്ടിയിരുന്ന തുക (@25/kg) | തുക നൽകിയ ബില്ലിന്റെ വിശദാംശം |
|---|---|---|

| | | |
|---|---|---|
| 57.03 കി.ഗ്രാം<br>8/19-20 | 1,425/- | 09/20-21,dt.15.05.20,<br>Rs800843/- |
| ആകെ | 1,425/- | |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (04/20-21) ലഭ്യമാക്കിയ മറുപടിയിൽ പൊടിച്ച പ്ലാസ്റ്റിക്കിന്റെ വില ഈടാക്കാതിരുന്നത് സംബന്ധിച്ച്, മേൽ പ്രവർത്തിക്ക് പൊടിച്ച പ്ലാസ്റ്റിക്ക് ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 1,425/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ" തരത്തിലല്ല. ചെലവ് നഷ്ടം 7,728 രൂപ

2020-21 സാമ്പത്തിക വർഷം ഹരിപ്പാട് ബ്ലോക്ക് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരസ്യ തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST& CGST @2.5 | ചെക്ക് നമ്പർ, തീയതി | അധികമായി ചെലവഴിച്ച തുക (Gst ഉൾപ്പടെ) |
|---|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | | |
| 14.03.20 | മാതൃഭൂമി | ബ്ലോക്ക് പ്ലാൻ പ്രവൃത്തികൾ നടപ്പിലാക്കു ന്നതിന് നൽകിയ പത്രപ്പരസ്യം | 8 | 5 | 230 | 9660 (Sgst-230 Cgst-230) | 0402793/ 05.08.20 | 3864 |
| 12.02.21 | മാതൃഭൂമി | MLA SDF പ്രവൃത്തികൾക്കായി നടത്തിയ പത്രപ്പരസ്യം | 4 | 8 | 230 | 7728 (Sgst-184 Cgst-184) | 0109451/ 26.02.21 | 1932 |
| 22.01.21 | മാതൃഭൂമി | ബ്ലോക്ക് പ്ലാൻ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 8 | 4 | 230 | 7728 (Sgst-184 Cgst-184) | 0109439/ 23.01.21 | 1932 |
| | | ആകെ | | | | 25116 | | 7728 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ കാരണം 7,728 രൂപയുടെ ചെലവുനഷ്ടം

ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20.05.2022 ൽ ഓഡിറ്റ് എൻക്വയറി നമ്പർ-23 നൽകിയെങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 പരസ്യ ചാർജ്ജ് ഇനത്തിൽ ഡിസ്കൌണ്ട് ലഭിച്ചില്ല-2,484 നഷ്ടം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ.(പി) നം.17 /2015/ പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ മാതൃഭൂമി ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പരസ്യതീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST&CGST @2.5 | ചെക്ക് നമ്പർ, തീയതി | ലഭിക്കേണ്ട ഡിസ്കൌണ്ട് തുക |
|---|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | | |
| 14.03.20 | മാതൃഭൂമി | ബ്ലോക്ക് പ്ലാൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നൽകിയ പത്രപ്പരസ്യം | 3 | 8 | 230 | 5520 | 0402793/ 05.08.20 | 828 |
| 12.02.21 | മാതൃഭൂമി | MLA SDF പ്രവൃത്തികൾക്കായി നടത്തിയ പത്രപ്പരസ്യം | 3 | 8 | 230 | 5520 | 0109451/ 26.02.21 | 828 |
| 22.01.21 | മാതൃഭൂമി | ബ്ലോക്ക് പ്ലാൻ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 3 | 8 | 230 | 5520 | 0109439/ 23.01.21 | 828 |
| | | ആകെ | | | | 16560 | | 2,484 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4.1.2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തതത്.(തൻ വർഷം ദേശാഭിമാനി പത്രത്തിൽ നൽകിയിട്ടുള്ള പരസ്യങ്ങൾക്ക് ഡിസ്കൌണ്ട് അനുവദിച്ചു കിട്ടിയിട്ടുണ്ട്.)

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 23 തീയതി 20.05.2022) സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം

2,484- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക മുന്നിരിപ്പ് ഉൾപ്പടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2020-21 | 5 ലക്ഷം | കരുവാറ്റ ഗ്രാമപഞ്ചായത്ത് അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 5 ലക്ഷം |

### 4-2 നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | വീയപുരം കുഴൽ കിണർ നിർമ്മാണ കുടിവെള്ള പദ്ധതി | | 16,50,000 | 16,50,000 | 0 |
| ഭൂജലവകുപ്പ് | കരുവാറ്റ കുഴൽ കിണർ നിർമ്മാണ കുടിവെള്ള പദ്ധതി | | 17,50,000 | 17,50,000 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

2020-21 വർഷം വായ്പ ഇനത്തിൽ വരവില്ല. ഇ.എം.എസ് ഭവനപദ്ധതി തിരിച്ചടവ് വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ ഒടുക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ചത് | | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2020-21 | ഇ.എം.എസ് ഭവന നിർമ്മാണ വായ്പാ തിരിച്ചടവ് | Go(p) No.177/2006 /Fin. Dtd. 12.04.2006 | 94,14,571 | 14,33,154 | 8,11,150 | 0 | 6,22,004 |

### 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3.13 | 2007-08 | 3.30 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കൺവീനർ മുഖേന വേല നിർവ്വഹിച്ചു | സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തൻ വർഷം ചാർജ്ജ് -സർചാർജ്ജ് നടപടികളിലൂടെ തുക ഒന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,77,17,836.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,43,99,582.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30,866.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 48,43,235.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 -2 | | 11,854/- | ശ്രീമതി ജയശ്രീ ആർ., അസിസ്റ്റന്റ് എൻജിനീയർ |
| 3 -3 | - | 7,375/- | ശ്രീമതി ജയശ്രീ ആർ., അസിസ്റ്റന്റ് എൻജിനീയർ |
| 3 -4 | - | 1,425/- | ശ്രീമതി ജയശ്രീ ആർ., അസിസ്റ്റന്റ് എൻജിനീയർ |
| 3 -5 | | 7,728/- | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 3 -6 | | 2,484 | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| ആകെ | | 30,866/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-11 | 33,63,201/- | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 1-12 | 7,49,782/- | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 1-15 | 1,49,447/- | ശ്രീമതി സനിത എൽ., പട്ടികജാതി വികസന ഓഫീസർ |
| 1-16 | 5,48,442/- | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| 1-26 | 32,353/- | ശ്രീ.എസ്.ദീപു, സെക്രട്ടറി |
| ആകെ | 48,43,225/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സനിത എൽ., പട്ടികജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത്, ഹരിപ്പാട് ബ്ലോക്ക് | അറയ്ക്കൽ ഹൌസ്, എസ്സ്.എൽ.പുരം പി.ഒ., ചേർത്തല, ആലപ്പുഴ-688523 |
| ശ്രീ.എസ്.ദീപു, സെക്രട്ടറി | അസ്സി.ഗ്രേഡ്, ലെജിസ്ലേച്ചർ, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം | പുത്തൻ വീട്ടിൽചോലയിൽ, പന്മന, ചവറ, കൊല്ലം |
| ശ്രീമതി ജയശ്രീ ആർ., അസിസ്റ്റന്റ് എൻജിനീയർ | വിരമിച്ചു. | അയനം, അകംകുടി പി.ഒ., നങ്ങ്യാർകുളങ്ങര, ആലപ്പുഴ |
| ശ്രീമതി സുജിത രവി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ലഭിച്ചില്ല. | പണ്ടകശ്ശാല വീട്, കിളിവല്ലൂർ പി.ഒ., കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2005-06 വരെ | എൽ.എഫ്.എ.ബി.പി/1477/10/06.12.10 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-ബിപി അദാലത്ത് 26(75), (76), (77), (77(i)/14 തീയതി. 31.03.2014 |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012 |
| 2011-12 | എൽ.എഫ്.എ.ബി.പി/10/2013/06.02.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015 |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.2015 |
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017/15.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/11/07.12.2011 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/ബി.പി-/117/19/08.02.2019 |
| 2018-19 | കെ.എസ്.എ.- എ.എൽ.പി.-167/2020/28.01.20 |

| | |
|---|---|
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-/710/2022/12.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്